പ്രസ്ഥാനം, ഖണ്ഡകാവ്യപ്രസ്ഥാനം, കാൽപനിക പ്രസ്ഥാനം, മിസ്റ്റിസിസം സിംബോളിസം, റിയലിസം, സോഷ്യലിസ്റ്റു റിയലിസം എന്നീ പ്രസ്ഥാനങ്ങളും പരിണാമഘട്ടങ്ങളും താണ്ടി കവിത പ്രയാണം തുടരുന്നു. ആധുനിക സാഹിത്യ കാലഘട്ടമെത്തിയപ്പോഴേക്കും അസ്തിത്വവാദവും, അരാജകത്വവും കവിതയെ ഗ്രസിച്ചു. വൃത്തത്തിന്റെ ചട്ടക്കൂട്ടിൽനിന്നും കവിത പുറത്തുചാടി; അത് കൂടുതൽ ആശയപ്രധാനമായി, വികാരങ്ങളെ ആവിഷ്കരിക്കാനുള്ള ജനകീയ മാധ്യമമായി. ചുരുക്കിപ്പറഞ്ഞാൽ കവിത മരിക്കുന്നില്ല. അതിന്റെ പഴയ രൂപങ്ങളാണ് മരിക്കുന്നത്. കാലാകാലങ്ങളിൽ പഴയ പുറംചട്ടകൾ ഊരിയെറിഞ്ഞ് കവിത നിത്യയൗവനം വീണ്ടെടുക്കുന്നു.

അമേരിക്കൻ മലയാളകവിത എഴുതുന്ന കവിയെയും അയാൾ ജീവിച്ചിരുന്ന കേരളത്തിലെ കാലഘട്ടത്തെയും ആശ്രയിച്ച് വ്യത്യസ്ത രൂപഭാവങ്ങൾ കൈക്കൊള്ളുന്നു എന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസ്സിലാക്കാം. ആ കാലഘട്ടങ്ങളെ തരണം ചെയ്ത് മുന്നോട്ടുപോകാനുള്ള ശ്രമം നടക്കുന്നില്ല എന്ന് പറയേണ്ടിയിരിക്കുന്നു. സാഹിത്യത്തിലെ പുത്തൻ പ്രവണതകളുടെ പരിചയമില്ലായ്മയും, സാഹിത്യ സമ്മേളനങ്ങളുടെയും സെമിനാറുകളുടെയും പ്രസിദ്ധീകരണങ്ങളുടെയും അഭാവവുമല്ലേ ഇതിനുകാരണം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ആധുനിക കവിതാപ്രസ്ഥാനം കേരളത്തിൽ പ്രാമുഖ്യം നേടിക്കൊണ്ടിരുന്നപ്പോൾ അതിന്റെ വക്താവായി പ്രവർത്തിച്ച് കവിതകളെഴുതിയും ചൊല്ലിയും പേരെടുത്ത കവിയാണ് ചെറിയാൻ കെ. ചെറിയാൻ. ഡൽഹിയിലെ പ്രസിദ്ധമായ സാഹിതീസഖ്യത്തിന്റെ പ്രവർത്തകൻ ഇപ്പോൾ ന്യൂയോർക്കിലെ സാഹിത്യസഖ്യത്തിന്റെ നായകത്വവും അല്പം ചില കവിതാരചനകളുമായി ഒതുങ്ങിക്കഴിയുന്നു. കേരളത്തിനു നഷ്ടപ്പെട്ട ആ കവി അമേരിക്കൻ മലയാള കവിതക്ക് പുത്തൻ അദ്ധ്യായങ്ങൾ എഴുതിച്ചേർക്കാൻ കഴിവുള്ള പ്രതിഭയാണ്.

ചടുല പദപ്രയോഗങ്ങളാൽ കരുത്തുറ്റ കവിത എഴുതുന്ന യുവകവിയാണ്. ജയൻ കെ.സി. ന്യൂയോർക്ക്. അമേരിക്കൻ മലയാള കവിതക്ക് പുത്തൻ ഉണർവ്വു നല്കാൻ ജയന്റെ കവിതകൾക്ക് കെല്പുണ്ട്.

ഫൊക്കാനാ മഹാകവി ബഹുമതി നല്കി ആദരിച്ച വ്യക്തിയാണ് ജേക്കബ് മനയിൽ. നിമിഷ കവിയായ ഇദ്ദേഹത്തിന്റെ തൂലികയിൽ സരസ്വതീദേവി വാഗ്വിലാസം കനിഞ്ഞു ചൊരിയുന്നു. ഡാളസിലെ കേരള ലിറ്റററി സൊസൈറ്റിയുടെ പ്രസിഡണ്ടുകൂടിയായ ഇദ്ദേഹം എട്ടു കവിതാ സമാഹാരങ്ങളും നാലു ചെറുകഥാസമാഹാരങ്ങളും പുറത്തിറക്കിയിട്ടുണ്ട്.

ഫൊക്കാനായുടെ സാഹിത്യമത്സരത്തിൽ കവിതാ വിഭാഗത്തിൽ രണ്ടു തവണ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ആളാണ് ജോസഫ് നമ്പിമഠം. 'പുതു